സപ്ലൈകോയുടെ അരിമില്ലുകൾ

27(*417) ശ്രീ. സി. കെ സദാശിവൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ: കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ സപ്ലൈകോ തുടങ്ങുമെന്ന് പ്രഖ്യാപിച്ച അരിമില്ലുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

2013-14 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം വയനാട്, പാലക്കാട്, കൂട്ടനാട്, എന്നിവിടങ്ങളിൽ അരിമില്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ തുടങ്ങിയിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട സ്ഥലങ്ങളിൽ പദ്ധതിക്കാവശ്യമായ സ്ഥലങ്ങൾ ലഭിച്ചിട്ടില്ല. അതിനാൽ സ്ഥലങ്ങൾ വിട്ടുകിട്ടുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സ്പെഷ്യൽ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതി

28(*418) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യ പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പാഠ്യപദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിക്ക് എവിടെ നിന്നാണ് സാങ്കേതിക സഹായം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ഏത് അദ്ധ്യയന വർഷം മുതലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ,

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കുന്നതോടൊപ്പം സ്പെഷ്യൽ സ്കൂളുകളിലും ഇത് നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഐ.സി.ടി.@സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യങ്ങളും ഐ.സി.ടി. അധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്കുള്ള മറ്റു സൗകര്യങ്ങളും ഒരുക്കിയതിനോടൊപ്പം കേൾവിക്കുറവുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കും ഈ സൗകര്യങ്ങളെല്ലാം വിദ്യാഭ്യാസ വകുപ്പ് ഒരുക്കിയിട്ടുണ്ട്. കൂടാതെ കാഴ്ചക്കുറവുള്ള വിദ്യാർത്ഥികൾക്കു വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പഠനപ്രവർത്തനങ്ങൾക്ക് ലളിതവും ആയാസരഹിതവും അക്കിതീർക്കുന്നതിന് ഐ.സി.ടി-യുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. പ്രത്യേക പരിഗണന ആവശ്യമുള്ള സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിന് പ്രത്യേക ഐ.സി.ടി. അധിഷ്ഠിത സംവിധാനങ്ങൾ ഒരുക്കുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

(സി) സംസ്ഥാനത്ത് ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഐ.ടി.@സ്കൂൾ പ്രോജക്ടാണ് ഈ പദ്ധതിയും നടപ്പിലാക്കുന്നത്.

(ഡി) സ്പെഷ്യൽ സ്കൂളുകളിലേക്ക് ഐ.സി.ടി. അനുബന്ധ ഉപകരണങ്ങളും ഐ.സി.ടി.@ സ്കൂൾ പദ്ധതി ആരംഭിച്ച 2007-08 അധ്യയനവർഷം മുതൽ നടപ്പിലാക്കി വരികയാണ്.

ഹാരിസൺ മലയാളം കമ്പനിയിൽ നിന്നും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്ന നടപടി

29(*419) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സാജു പോൾ :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനിയിൽ നിന്നും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly